©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2026 ആഗസ്റ്റ് 07<br>07th August 2026<br>1201 കർക്കടകം 22<br>22nd Karkadakam 1201<br>1948 ശ്രാവണം 16<br>16th Sravana 1948 | നമ്പർ<br>No. | **2251** |

## കളക്ടറേറ്റ്, എറണാകുളം

[കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007, വകുപ്പ് 6(1)(b)]

(ഹാജർ: പ്രിയങ്ക ജി., ഐ.എ.എസ്., ജില്ലാ മജിസ്ട്രേറ്റ്, എറണാകുളം.)

## ഉത്തരവ്

DCEKM/4969/2026-M7 *06.08.2026*

എറണാകുളം ജില്ല, കണയന്നൂർ താലൂക്കിൽ, നടമ വില്ലേജിൽ, തൃപ്പൂണിത്തുറ, എരൂർ കൊപ്പറമ്പ് ഭാഗത്ത്, അട്ടാശ്ശേരി വീട്ടിൽ, മണിയപ്പൻ മകൻ 28 വയസ്സുള്ള സഞ്ജു എന്ന് വിളിക്കുന്ന സഞ്ജയ് പേർക്ക്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താങ്കൾ 2015 കാലയളവ് മുതൽ കൊച്ചി സിറ്റിയിലെ ഹിൽപാലസ്, എറണാകുളം നോർത്ത്, ഉദയംപേരൂർ, മരട്, പാലാരിവട്ടം എന്നീ പോലീസ് സ്റ്റേഷകളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നിയമവാഴ്ചക്ക് യാതൊരു വിലയും കല്പിക്കാതെ പൊതുജനങ്ങളിൽ ഭയപ്പാട് സൃഷ്ടിച്ച് കൊണ്ട് അവരുടെ സമാധാന ജീവിതത്തിന് ഭംഗം വരുത്തുന്ന രീതിയിൽ ദേഹോപദ്രവം ഏല്പിച്ച് കവർച്ച, കവർച്ച, മോഷണം, നരഹത്യാശ്രമം, മോചനദ്രവ്യത്തിനായി തട്ടിക്കൊണ്ട് പോകുക, കഠിനദേഹോപദ്രവം ഏല്പിക്കുക, കുറ്റകരമായി ഭീഷണിപ്പെടുത്തി മരണഭയമുളവാക്കുക, മുതലുകൾ നശിപ്പിക്കുക, സംഘം ചേർന്ന് അക്രമം നടത്തുക തുടങ്ങി ഇൻഡ്യന് ശിക്ഷാ നിയമത്തിലെ/ ഭാരതീയ ന്യായസംഹിതയിലെയും കൂടാതെ ഹാഷിഷ് ഓയിൽ വില്പനയക്കായി കൈവശം വെച്ച് NDPS നിയമത്തിലെയും ഉൾപ്പെടെ വിവിധ വകുപ്പുകൾ പ്രകാരമുള്ള 11 (പതിനൊന്ന്) ഓളം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് പൊതുജന സമാധാനലംഘന പ്രവർത്തനങ്ങള് നടത്തി വരികയാണെന്നും, പൊതുജന സമാധാനത്തിന് വിഘ്നം വരുത്തി കൊണ്ട് തുടർച്ചയായി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് വരുന്ന താങ്കളുടെ പ്രവർത്തനങ്ങളെ സ്ഥിരമായി നിരീക്ഷിക്കുന്നതിന് തൃക്കാക്കര അസ്സി: പോലീസ് കമ്മീഷണറുടെ No.347/T/2022/TS Dtd. 26.02.2022 പ്രകാരം റൗഡി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്ത് ഹിൽപാലസ് പോലീസ് സ്റ്റേഷനിൽ നടപ്പ് വ്യവസ്ഥ പരിശോധിച്ച് വരുന്നതും, എന്നാൽ ആയത് ലംഘിച്ച് കൊണ്ട് താങ്കൾ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് നിയമവ്യവസ്ഥയെ വെല്ലുവിളിച്ചിരിക്കുകയുമാണെന്നും, താങ്കൾക്കെതിരെ ഹിൽപാലസ് പോലീസ് സ്റ്റേഷനിൽ നിന്നും No.72/TD/22/HP dtd. 24.02.2022 ആയി 107 CrPC പ്രകാരം താങ്കൾക്കെതിരെ റിപ്പോർട്ട് തയ്യാറാക്കി ഫോർട്ട് കൊച്ചി സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ച് ആയത് MC 283/22 നമ്പറായി വിചാരണയിലിരുന്നതും എന്നാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണെന്നും, തുടർന്ന് 10.02.2026 തീയ്യതി ഹിൽപാലസ് പോലീസ് സ്റ്റേഷനിൽ നിന്നും No.76/TD/26/HP ആയി 126 BNSS പ്രകാരം റിപ്പോർട്ട് തയ്യാറാക്കി ഫോർട്ട് കൊച്ചി സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ച് ആയത് MC 172/26 നമ്പറായി വിചാരണയിലിരുന്ന് 19.03.2026 തീയ്യതി ഒരു വർഷത്തേക്ക് സ്ഥിര ബോണ്ട് സമർപ്പിച്ചിട്ടുള്ളതും എന്നാൽ ടി ബോണ്ട് കാലയളവിൽ കുറ്റകൃത്യത്തിൽ ഏർപ്പെട്ട് താങ്കൾ നിയമവ്യവസ്ഥയെ വെല്ലുവിളിച്ചിരിക്കുകയാണെന്നും നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് വരുന്ന താങ്കളെ തുടർകുറ്റകൃത്യങ്ങളില് നിന്ന് തടയുന്നതിനായി No.28(F)/Camp/22-EC Dtd. 29.06.2022 തീയ്യതി പ്രകാരം താങ്കളുടെ സഞ്ചലനം 6 മാസത്തേക്ക് ഹിൽപാലസ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ ഹാജരായി റിപ്പോർട്ട് ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും എന്നാൽ താങ്കൾ ആയത് ലംഘിക്കയാൽ ക്രൈം.649/22 U/s 15(4) of KAAPA പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണെന്നും മേല്പറഞ്ഞ നടപടികൾ സ്വീകരിച്ച ശേഷവും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് വരുന്ന താങ്കളെ തുടർകുറ്റകൃത്യങ്ങളില് നിന്ന് തടയുന്നതിന് 126 BNSS പ്രകാരമുള്ളതോ, 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങള്(തടയൽ) നിയമത്തിലെ സെക്ഷൻ 15(1) പ്രകാരമുള്ളതോ ആയ നടപടികൾ പര്യാപ്തമല്ലെന്നും താങ്കളെ തുടർകുറ്റകൃത്യങ്ങളില് നിന്ന് തടഞ്ഞ് നാട്ടിൽ പൊതുജന സമാധാനം കാത്ത് സൂക്ഷിക്കുന്നതിന് 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങള് (തടയൽ) നിയമത്തിലെ സെക്ഷൻ 3(1) പ്രകാരമുള്ള നടപടിക്ക് വിധേയനാക്കിയാൽ മാത്രമെ താങ്കളുടെ പൊതുജനസമാധാനലംഘന പ്രവർത്തനങ്ങളും, അക്രമ പ്രവർത്തനങ്ങൾക്കും തടയിടാൻ സാധിക്കുകയുള്ളൂ എന്നും കൊച്ചി സിറ്റി ലോ & ഓർഡർ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. കൊച്ചി സിറ്റി ലോ & ഓർഡർ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ റിപ്പോർട്ട്, അനുബന്ധമായി ചേർത്തിരുന്ന കേസ് റെക്കോർഡുകൾ എന്നിവ വിശദമായി പരിശോധിച്ചതിൽ നിന്നും താങ്കൾ "അറിയപ്പെടുന്ന റൗഡി" എന്ന ഗണത്തിൽ പെടുന്നുവെന്നും, താങ്കൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുമെന്നും, താങ്കളുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് മറ്റിതര മാർഗ്ഗങ്ങൾ ഇല്ലായെന്നും എനിക്ക് വസ്തുനിഷ്ഠമായും, ആത്മനിഷ്ഠമായും ബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ പൊതുതാല്പര്യവും, പ്രദേശത്തെ പൊതുജനങ്ങളുടെ സമാധാന ജീവിതവും കണക്കിലെടുത്ത് താങ്കളെ 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 3(1) പ്രകാരം അടിയന്തിരമായി കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ ഉത്തരവ് നമ്പർ: ഡി.സി.ഇ.കെ.എം./4969/2026/എം7 തീയതി:11.07.2026 പ്രകാരം എറണാകുളം ജില്ലാ മജിസ്ട്രേറ്റ് കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ 11.07.2026 തീയതി തന്നെ ഡെപ്യൂട്ടി പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. കരുതൽ തടങ്കലിന് വിധിക്കപ്പെട്ടിട്ടുള്ള താങ്കളെ അറസ്റ്റ് ചെയ്ത് തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധ്യമായ എല്ലാ ശ്രമങ്ങളും പോലീസ് നടത്തിയെന്നും, എന്നാൽ താങ്കളെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്നും, ആയതിനാൽ KAAPA നിയമത്തിലെ വകുപ്പ് 6(1)(a)(b) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ച് കൊച്ചി സിറ്റി ലോ & ഓർഡർ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഈ ഉത്തരവ് വിജ്ഞാപനം ചെയ്ത് 7 ദിവസത്തിനകം താങ്കൾ ഹിൽപാലസ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ & സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 6(1)(b) പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. അല്ലാത്ത പക്ഷം താങ്കൾക്കെതിരെ 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 6(3) പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

Sd/-

**പ്രിയങ്ക ജി., ഐ.എ.എസ്.**
**ജില്ലാ മജിസ്ട്രേറ്റ്, എറണാകുളം**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.07 08:14:38 +05:30